<table>
<tr><td rowspan="2">Email:<br>sdc.kerala@gmail.com</td><td>വാർത്താക്കുറിപ്പ്</td><td>TELEPHONE: 0471-2335030<br>MOBILE : 8281000127</td></tr>
<tr><td>കേരള സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ<br><br>കോർപ്പറേഷൻ ബിൽഡിംഗ് നാലാം നില, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033</td><td>29th July 2025</td></tr>
</table>

## ജില്ലാപഞ്ചായത്ത് വാർഡ് വിഭജനം : ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിങ് ജൂലൈ 31 ന്

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്ത് വാർഡ് വിഭജന കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതി സമർപ്പിച്ചിട്ടുള്ളവരെ തിരുവനന്തപുരം തൈയ്ക്കാട് പി.ഡബ്ല്യൂ.ഡി റെസ്റ്റ്ഹൗസിൽ ജൂലൈ 31 ന് ഡീലിമിറ്റേഷൻ കമ്മീഷൻ നേരിൽ കേൾക്കും.

ജൂലൈ 31 ന് രാവിലെ 9.30 ന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ പരാതിക്കാരെയും, രാവിലെ 11 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലുള്ളവരെയുമാണ് കമ്മീഷൻ നേരിൽ കേൾക്കുന്നത്.

ജില്ലാപഞ്ചായത്ത് കരട് വിഭജന നിർദ്ദേശങ്ങളിൻമേൽ നിശ്ചിത സമയപരിധിക്ക് മുൻപായി ഡീലിമിറ്റേഷൻ കമ്മീഷനോ, ജില്ലാകളക്ടർക്കോ പരാതി സമർപ്പിച്ചിട്ടുള്ളവർ മാത്രം ഹീയറിംഗിന് ഹാജരായാൽ മതിയാകും. മാസ് പെറ്റീഷൻ നൽകിയിട്ടുള്ളവരിൽ നിന്നും ഒരു പ്രതിനിധി മാത്രം ഹീയറിംഗിൽ പങ്കെടുത്താൽ മതിയാകും.

14 ജില്ലകളിലായി ആകെ 147 പരാതികളാണ് ലഭിച്ചത്. പരാതികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| **ജില്ല** | **ആകെ പരാതികൾ** |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| പത്തനംതിട്ട | 12 |
| ആലപ്പുഴ | 28 |
| കോട്ടയം | 14 |
| ഇടുക്കി | 11 |
| എറണാകുളം | 5 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 5 |
| മലപ്പുറം | 18 |
| കോഴിക്കോട് | 17 |
| വയനാട് | 4 |
| കണ്ണൂർ | 5 |
| കാസർകോട് | 11 |
| **ആകെ** | **147** |

*(എസ്.ഡി.സി. 12/2025)*